പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 620** 05/06/2018 ൽ മറുപടിക്ക്

## ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി** | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) മുൻസർക്കാരിന്റെ കാലത്ത് നഷ്ടത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കുമോ; | (എ) മുൻസർക്കാരിന്റെ കാലത്ത് 2015-16 സാമ്പത്തികവർഷത്തിലെ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരം നഷ്ടത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാനും സംരക്ഷിക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ; | (ബി) പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പാദനസൗകര്യങ്ങൾ വിപുലപ്പെടുത്തുവാനുള്ള വിപുലീകരണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ, സ്ഥാപനങ്ങളിൽ നിലവിലെ ഉൽപ്പാദനശേഷി പൂർണ്ണതോതിൽ കൈവരിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നവീകരണ ആധുനികവത്ക്കരണ പ്രവർത്തനങ്ങളും, വൈവിധ്യവത്ക്കരണ പദ്ധതികളും നടന്നുവരുന്നു.<br><br>പൊതുമേഖലാസ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി പദ്ധതി വിഹിതം 2016-17 സാമ്പത്തിക വർഷം മുതൽ പടിപടിയായി ഉയർത്തി നൽകിവരുന്നു.<br><br>കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനായി അതത് മേഖലകളിലുള്ള വിദഗ്ദ്ധരുൾപ്പെട്ട കമ്മിറ്റികളുടെ സേവനവും ലഭ്യമാക്കിവരുന്നു.<br><br>ടെക്സ്റ്റൈൽ മേഖലയിൽ ശ്രീ.പി.നന്ദകുമാർ കമ്മറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലുള്ള നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കാമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ട്രാവൻകൂർ റ്റൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ- കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, സ്റ്റീൽ ആൻറ് ഇൻഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റ്ഡ്,ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലട്രിക്കൽസ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസ് ലിമിറ്റഡ് തുടങ്ങിയ 6 സ്ഥാപനങ്ങ ൾ ലാഭത്തിലായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

| | |
|---|---|
| 1 | കെൽപാം |
| 2 | ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| 3 | കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 4 | കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സ് ലിമിറ്റഡ് |
| 5 | ഹാൻറക്സ് |
| 6 | സ്റ്റീൽ ആൻറ് ഇൻഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റഡ് |
| 7 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് |
| 8 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 9 | കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 10 | ഹാൻറി ക്രാഫ്റ്റ്സ് ഡവലപ്മെൻറ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ് |
| 11 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് |
| 12 | ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 13 | ട്രാവൻകൂർ റ്റൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ് |
| 14 | ദി കേരള സിറാമിക്സ് ലിമിറ്റഡ് |
| 15 | കേരള ക്ലെയിസ് ആൻറ് സിറാമിക്സ് പ്രൊഡക്റ്റ്സ് ലിമിറ്റഡ് |
| 16 | ദി കാനന്നൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 17 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് |
| 18 | കേരള സ്മോൾ ഇൻട്രസ്ടീസ് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 19 | ആട്ടോകാസ്റ്റ് ലിമിറ്റഡ് |
| 20 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| 21 | ദി ട്രാവൻകൂർ സിമൻറ്സ് ലിമിറ്റഡ് |
| 22 | ട്രാവൻകൂർ- കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| 23 | ദി ക്വയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 24 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് |
| 25 | ദി തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 26 | കേരള ഇലക്ട്രിക്കൽ ആൻറ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് |
| 27 | ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 28 | കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ ലിമിറ്റഡ് |
| 29 | ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലട്രിക്കൽസ് കേരള ലിമിറ്റഡ് |
| 30 | സെയിൽ എസ്.സി.എൽ കേരള ലിമിറ്റഡ് |
| 31 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് |
| 32 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസ് ലിമിറ്റഡ് |

സെക്ഷൻ ഓഫീസർ